**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6197** **02/04/2018-ൽ മറുപടിയ്ക്ക്**

# സഹകരണ ബാങ്ക് രജിസ്റ്റർ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഇ.കെ.വിജയൻ** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| സഹകരണ ബാങ്ക് രജിസ്ട്രേഷൻ നടപടികൾ വിശദമാക്കാമോ; പ്രസ്തുത ബാങ്കുകൾ അനുവദിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ? | 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 4, 5, 6, 7, ചട്ടം 3, 4 എന്നിവ പ്രകാരമാണ് സഹകരണ സംഘം രജിസ്ട്രേഷൻ നൽകി വരുന്നത്.<br><br>**<u>വകുപ്പ് 4:-</u>** സഹകരണ തത്വങ്ങൾ പ്രകാരം പൊതു താൽപര്യത്തോടെയോ അംഗങ്ങളുടെ സാമ്പത്തിക താൽപര്യങ്ങളോ ലക്ഷ്യമാക്കിയുള്ള ഒരു സംഘമോ, അപ്രകാരം സ്ഥാപിച്ചിട്ടുള്ള ഒരു സംഘത്തിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് ലക്ഷ്യമാക്കിയിട്ടുള്ള സംഘവും ഈ നിയമത്തിൻകീഴിൽ രജിസ്റ്റർ ചെയ്യപ്പെടാം. എന്നാൽ സാമ്പത്തിക നിലനിൽപ്പ് ഇല്ലാത്തതോ, സഹകരണ പ്രസ്ഥാനത്തിന്റെ പുരോഗതിയ്ക്ക് തടസ്സം വരുത്തുന്ന സംഘങ്ങളോ രജിസ്റ്റർ ചെയ്യപ്പെടാവുന്നതല്ല.<br><br>**<u>വകുപ്പ് 5(1):-</u>** ക്ലിപ്ത ബാദ്ധ്യതയോടുകൂടിയ സംഘം മാത്രമേ രജിസ്റ്റർ ചെയ്യാൻ പാടുള്ളൂ.<br><br>**5(2) :-** ഈ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന ക്ലിപ്ത ബാദ്ധ്യത സംഘങ്ങളുടെ പേരിന്റെ അവസാനഭാഗത്ത് ക്ലിപ്തം അല്ലെങ്കിൽ അതേ അർത്ഥമുള്ള മറ്റ ഭാരതീയ ഭാഷകളിലെ വാക്കോ ആയിരിക്കണം.<br><br>**<u>വകുപ്പ് 6(1):-</u>** ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഒരു നിശ്ചിത ഫോറത്തിൽ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതും സംഘത്തെ സംബന്ധിച്ച് അദ്ദേഹം ആവശ്യപ്പെടുന്ന മറ്റ വിവരങ്ങൾ അപേക്ഷകൻ നൽകേണ്ടതുമാണ്. |

**6(2):-** ഓരോ അപേക്ഷയിലും താഴെ പറയുന്നവ ഉള്ളടക്കം ചെയ്തിരിക്കണം.

(എ) നിർദ്ദിഷ്ട സംഘത്തിന്റെ ഉപനിബന്ധനകളുടെ 3 പകർപ്പുകൾ,

(ബി) വ്യക്തികളാണ് അപേക്ഷകരെങ്കിൽ അവർ വ്യത്യസ്ത കുടുംബത്തിൽപ്പെട്ടവരും 25 പേരിൽ കുറയാൻ പാടില്ലാത്തതുമാണ്.

(സി) അപേക്ഷയിൽ വ്യക്തികളാണെങ്കിൽ എല്ലാപേരും സാക്ഷ്യപ്പെടുത്തിയിരിക്കണം.

**<u>വകുപ്പ് 7(1):-</u>** താഴെ പറയുന്ന നിബന്ധനകൾ രജിസ്ട്രാർക്ക് ബോധ്യപ്പെട്ടാൽ സംഘവും അതിന്റെ ഉപനിബന്ധനകളും അപേക്ഷ ലഭിച്ച് 90 ദിവസങ്ങൾക്കകം രജിസ്റ്റർ ചെയ്യാവുന്നതാണ്.

(എ) അപേക്ഷ, നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായിരിക്കണം.

(ബി) നിർദ്ദിഷ്ട സംഘത്തിന്റെ ഉദ്ദേശങ്ങൾ വകുപ്പ് 4 ന് വിധേയമായിരിക്കണം.

(സി) നിർദ്ദിഷ്ട സംഘത്തിന്റെ പ്രവർത്തന പരിധി അതേ തരത്തിലുള്ള മറ്റൊരു സംഘത്തിന്റെ പ്രവർത്തന പരിധിയിലേയ്ക്ക് അതിലംഘിച്ച് കടക്കുന്നില്ലായെങ്കിൽ;

(ഡി) നിർദ്ദിഷ്ട ഉപനിബന്ധന നിയമത്തിനും ചട്ടത്തിനും വിരുദ്ധമല്ലെങ്കിൽ;

(ഇ) നിർദ്ദിഷ്ട സംഘം ഒരു നല്ല വ്യാപാര പ്രവർത്തനങ്ങൾക്ക് ആവശ്യമായ കാര്യങ്ങൾ നിറവേറ്റപ്പെട്ടുമെങ്കിൽ രജിസ്ട്രാർക്ക് സംഘവും അതിന്റെ ഉപനിബന്ധനകളും അപേക്ഷ ലഭിച്ച് 90 ദിവസത്തിനകം രജിസ്റ്റർ ചെയ്യണം.

**<u>7(2):-</u>** രജിസ്ട്രാർ സംഘത്തിന്റെ രജിസ്ട്രേഷൻ നിരസിക്കുന്ന പക്ഷം അതിന്റെ കാരണങ്ങൾ കാണിച്ച് ബന്ധപ്പെട്ട കക്ഷികളെ 7 ദിവസത്തിനകം അറിയിച്ചിരിക്കണം.

**<u>7(3):-</u>** സംഘം രജിസ്ട്രേഷനുള്ള അപേക്ഷ ലഭിച്ചാൽ അപേക്ഷ ലഭിച്ച് 90 ദിവസത്തിനകം രജിസ്ട്രാർ അപേക്ഷ തീർപ്പാക്കിയിരിക്കണം.

**<u>7(4):-</u>** ഉപവകുപ്പ് (3) ൽ നിർദ്ദേശിച്ചിട്ടുള്ള സമയപരിധിയ്ക്കുള്ളിൽ ഒരു സംഘത്തിന്റെ രജിസ്ട്രേഷനു വേണ്ടിയുള്ള അപേക്ഷ തീർപ്പാക്കിയില്ലായെങ്കിൽ അപേക്ഷകന്;

(എ) വകുപ്പ് 3 ഉപവകുപ്പ് (2) പ്രകാരം രജിസ്ട്രാറുടെ അധികാരം നൽകപ്പെട്ട വ്യക്തിയ്ക്കാണ് രജിസ്ട്രേഷനുള്ള അപേക്ഷ നൽകിയതെങ്കിൽ രജിസ്ട്രാർ മുമ്പാകെയും;

(ബി) രജിസ്ട്രേഷനുള്ള അപേക്ഷ രജിസ്ട്രാർ മുമ്പാകെയാണ് നൽകിയിട്ടുള്ളതെങ്കിൽ സർക്കാർ മുമ്പാകെയും, നിവേദനം സമർപ്പിക്കാവുന്നതും, രജിസ്ട്രാറോ/ സർക്കാരോ അത്തരം നിവേദനം ലഭിച്ച തീയതിമുതൽ 60 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട അധികാരിയ്ക്ക് രജിസ്ട്രേഷനുള്ള അപേക്ഷയിൽ യുക്തമായ തീരുമാനം എടുക്കുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതും ബന്ധപ്പെട്ട അധികാരി ആ നിർദ്ദേശം പാലിക്കേണ്ടതുമാണ്.

<u>**ചട്ടം 3(1):-**</u> വകുപ്പ് 6(1) പ്രകാരമുള്ള ഒരു സംഘത്തിന്റെ രജിസ്ട്രേഷനു വേണ്ടിയുള്ള ഏതൊരു അപേക്ഷയും ഒന്നാം നമ്പർ ഫാറത്തിൽ രണ്ട് പകർപ്പോടെ തയ്യാറാക്കി താഴെപ്പറയുന്നവ ഉൾപ്പെടെ സമർപ്പിക്കേണ്ടതാണ്.

(എ) സംഘത്തിന്റെ നിർദ്ദിഷ്ട ഉപനിബന്ധനയുടെ 3 പ്രതികൾ

(ബി) നിർദ്ദിഷ്ട സംഘത്തിന്റെ പേരിൽ വരവ് വെച്ചിട്ടുള്ള തുക വിശദമാക്കുന്ന ബാങ്കിൽ നിന്നുള്ള നിക്ഷേപ ബാക്കി കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ്.

(സി) ഓഹരി മൂലധനത്തിലേയ്ക്ക് സംഭാവന ചെയ്തിട്ടുള്ള വ്യക്തികളുടെയും, അവർ ഓരോരുത്തരും നൽകിയ തുകയും, നൽകിയ പ്രവേശന ഫീസും ഉൾപ്പെടെയുള്ള പട്ടികയുടെ രണ്ട് പകർപ്പ് സഹിതം.

(ഡി) നിർദ്ദിഷ്ട സംഘത്തിന്റെ സാമ്പത്തിക ഭദ്രത സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെട്ട ഉദ്ദേശിക്കുന്ന സംഘത്തിന്റെ വ്യാപാര പദ്ധതി.

(ഇ) രജിസ്ട്രാർ ആവശ്യപ്പെടുന്ന തരത്തിലുള്ള വിവരങ്ങളും ഇതര രേഖകളും.

<u>**3(2):-**</u> അപേക്ഷകർ വ്യക്തികളാണെങ്കിൽ 25 ൽ കുറയാതെ വ്യത്യസ്ത കുടുംബങ്ങളിൽപ്പെട്ടവർ അപേക്ഷയിൽ സാക്ഷ്യപ്പെടുത്തിയിരിക്കണം.

<u>**3(3):-**</u> രജിസ്റ്റർ ചെയ്യപ്പെടേണ്ടതായ സംഘത്തിലെ ഏതെങ്കിലും അംഗം ഒരു രജിസ്റ്റർ ചെയ്ത സംഘമാണെങ്കിൽ, അപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിലെ കമ്മിറ്റിയിലെ ഒരംഗത്തെ, ആ സംഘത്തിന്റെ കമ്മിറ്റി ഒരു തീരുമാനം മൂലം അതിനുവേണ്ടി രജിസ്റ്റർ ചെയ്യുന്നതിന് അപേക്ഷയും, ഉപനിബന്ധനകളും, സാക്ഷ്യപ്പെടുത്തുന്നതിന് അധികാരപ്പെടുത്തേണ്ടതും അപ്രകാരമുള്ള ഒരു തീരുമാനത്തിന്റെ ഒരു പകർപ്പ് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതുമാണ്.

**3(4):-** രജിസ്റ്റർ ചെയ്യപ്പെടേണ്ട ഒരു സംഘത്തിലെ ഏതെങ്കിലും

അംഗം നിയമാധിഷ്ഠിതമോ അല്ലാത്തതോ ആയ ഒരു സമിതിയോ, കോർപ്പറേഷനോ, ആണെങ്കിൽ രജിസ്ട്രേഷനുള്ള അപേക്ഷയിലും ഉപനിബന്ധനകളിലും സാക്ഷ്യപ്പെടുത്തുന്നതിന് ആ സ്ഥാപനം ഏതെങ്കിലും വ്യക്തിയെ അധികാരപ്പെടുത്തേണ്ടതും, അധികാരപ്പെടുത്തിക്കൊണ്ടുള്ള തീരുമാനത്തിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതുമാണ്.

<u>3(5):-</u> അപേക്ഷ രജിസ്റ്റർ ചെയ്ത തപാലായി രജിസ്ട്രാർക്ക് അയച്ചു കൊടുക്കാവുന്നതോ അല്ലെങ്കിൽ ആഫീസിൽ നേരിട്ട് കൊടുക്കുകയോ ചെയ്യാവുന്നതാണ്.

<u>ചട്ടം 3(6):-</u> ഓരോ അപേക്ഷയോടൊപ്പം നിശ്ചിത നിരക്കിലുള്ള തുക രജിസ്ട്രേഷൻ ഫീസായി അടച്ച ചെലാൻ രസീത് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

<u>ചട്ടം 4:-</u> ചട്ടം 3 ന് വിധേയമായി ഒരു അപേക്ഷ ലഭിച്ചാൽ

(i) രജിസ്ട്രാർ ഫോറം നം. 2 ൽ സൂക്ഷിക്കപ്പെടേണ്ട അപേക്ഷ രജിസ്റ്ററിൽ അപേക്ഷയുടെ വിവരങ്ങൾ രേഖപ്പെടുത്തുകയും, അപേക്ഷയ്ക്ക് ക്രമ നമ്പർ നൽകുകയും, അപേക്ഷ ലഭിച്ചുയെന്നതിന് തെളിവായി രസീത് നൽകുകയും ചെയ്യണം.

(ii) ചട്ടം 3 ലും വകുപ്പിൽ 7 ൽ (എ) മുതൽ (ഇ) വരെയുള്ള ഖണ്ഡികകളിലും വ്യക്തമാക്കുന്ന വ്യവസ്ഥകൾ ബോധ്യപ്പെടുന്നതിനായി രജിസ്ട്രാർ അപേക്ഷയും ഉപനിബന്ധനകളും പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതാണ്.

(iii) രജിസ്ട്രാർക്ക് കൂടുതൽ വിവരങ്ങൾ ആവശ്യപ്പെടുകയോ, ആവശ്യമെന്ന് തോന്നുന്ന പക്ഷം അന്വേഷണം നടത്തുകയോ, നിർദ്ദിഷ്ട ഉപനിബന്ധനയിൽ അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന തരത്തിലുള്ള മാറ്റങ്ങൾ വരുത്തുന്നതിന് പ്രധാന സംഘാടകനോട് നിർദ്ദേശിക്കുകയോ ചെയ്യാവുന്നതാണ്. രജിസ്ട്രാർ അനുവദിച്ച കാലയളവിനുള്ളിൽ നിർദ്ദിഷ്ട ഉപനിബന്ധനയിൽ അദ്ദേഹം നിർദ്ദേശിച്ച മാറ്റങ്ങൾ അപേക്ഷകരുടെ സമ്മതത്തോടെ ഭേദഗതി വരുത്തുകയോ ആവശ്യപ്പെട്ട വിവരങ്ങൾ പ്രധാന സംഘാടകൻ നൽകുകയോ ചെയ്യണം.

(iv) നിർദ്ദിഷ്ട സംഘം മേൽ വിവരിച്ച ആവശ്യങ്ങൾ നിറവേറ്റിയിട്ടുണ്ടെന്ന് രജിസ്ട്രാർക്ക് ബോധ്യപ്പെടുന്ന പക്ഷം സംഘവും അതിന്റെ ഉപനിബന്ധനകളും

രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്ത് അംഗീകരിച്ച ഉപനിബന്ധനകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പോടുകൂടി ഫോറം നം. 3 ൽ രജിസ്ട്രാർ ഒപ്പ് രേഖപ്പെടുത്തി ഓഫീസ് മുദ്ര പതിച്ച രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സംഘത്തിന് സൗജന്യമായി കൊടുക്കേണ്ടതാണ്. ഒരു സംഘം രജിസ്റ്റർ ചെയ്യുമ്പോൾ ആ സംഘത്തിന്റെ നിലവിലുള്ള രജിസ്റ്റർ ചെയ്യപ്പെട്ട ഉപനിബന്ധനയെന്ന് പറയുന്നത് രജിസ്റ്റർ ചെയ്ത് രജിസ്ട്രാർ അംഗീകരിച്ച ഉപനിബന്ധനകളാണ്.

(v) രജിസ്ട്രാർക്ക് നിർദ്ദേശിക്കപ്പെട്ട സംഘം നിയമത്തിലെ പട്ടിക 2 ൽ സൂചിപ്പിച്ചിട്ടുള്ള സഹകരണ തത്വങ്ങൾ പാലിക്കപ്പെട്ടുകൊണ്ട് പൊതുവായിട്ടുള്ള സാമ്പത്തിക താല്പര്യം നിറവേറ്റപ്പെടുകയില്ലെന്ന് ബോധ്യപ്പെട്ടാലോ അല്ലെങ്കിൽ സംഘത്തിന്റെ രജിസ്ട്രേഷൻ മൂലം സഹകരണ പ്രസ്ഥാനത്തിന് കോട്ടം സംഭവിക്കാമെന്നോ, അല്ലെങ്കിൽ നിയമത്തിന്റെ പീഠികയിലെ ഉദ്ദേശ ലക്ഷ്യങ്ങൾക്ക് എതിരാണെന്ന് ബോധ്യപ്പെട്ടാലോ, രജിസ്ട്രാർ കാരണം കാണിച്ച് നിരസിച്ചുകൊണ്ടുള്ള ഉത്തരവ് ആകേണ്ടതും, അത് രജിസ്റ്റർ ചെയ്ത തപാലിലോ അല്ലെങ്കിൽ ബഹു. ഹൈക്കോടതിയോ, കേരള സർക്കാരോ അംഗീകരിച്ച പ്രകാരമുള്ള കൊറിയർ സർവ്വീസ് മുഖാന്തിരമോ മുഖ്യ സംഘാടകന് ഉത്തരവായതിന്റെ പതിനഞ്ച് ദിവസത്തിനകം അറിയിക്കേണ്ടതാണ്.

(vi) ഉപചട്ടം (iv) ന് വിധേയമായി സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള ഏതെങ്കിലും തീരുമാനമോ ഉപചട്ടം (v) ന് വിധേയമായി ഒരു സംഘത്തിന്റെ അപേക്ഷയുടെ തിരസ്കരണമോ, അപേക്ഷ ലഭിച്ച് 90 ദിവസത്തിനകം തീർപ്പാക്കേണ്ടതാണ്.

(vii) ഉപനിബന്ധനയുടെ പകർപ്പോടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ധനസഹായ ബാങ്കിനും, ബന്ധപ്പെട്ട സഹകരണ യൂണിയനും നൽകേണ്ടതാണ്.

പ്രസ്തുത ബാങ്കുകൾ അനുവദിക്കുന്നതിന് പ്രത്യേകിച്ച് നിയന്ത്രണങ്ങളൊന്നും നിലവിലില്ല.

സെക്ഷൻ ഓഫീസർ